# സമസ്തയും മരണപ്പെട്ടവരുടെ സഹായവും

"മരണപ്പെട്ടവരിൽ നിന്ന് സഹായം ലഭ്യമാകുമെന്നും ക്വുർആൻ ഉദ്ധരിച്ച് സുന്നീപക്ഷം സമർത്ഥിക്കുകയുണ്ടായി. സൂറത്തുന്നിസാഇലെ 69ാംവചനം ഇപ്രകാരമാണ്: അല്ലാഹുവിനും റസൂലിനും വഴിപ്പെടുന്നവർ നബിമാർ, സിദ്ധീക്വീങ്ങൾ, ശുഹദാക്കൾ, സ്വാലിഹങ്ങൾ തുടങ്ങി അല്ലാഹു അനുഗ്രഹിച്ചവരോടൊപ്പമാകുന്നു. ഇവർ നല്ല സഹായികളാകുന്നു. ഈ അർത്ഥമാണ് ഇമാം റാസി ആയത്തിന് നൽകുന്നത് അവർ നല്ല കൂട്ടുകാരാണെന്നതിന്റെ താത്പര്യം അവരിൽ നിന്ന് അവശ്യ ഘട്ടത്തിൽ സഹായം ലഭിക്കുക എന്നു തന്നെയാണ്. ഇമാം റാസി പറയുന്നു: അല്ലാഹുവിനും റസൂലിനും വഴിപ്പെടുന്നവർക്ക് നാല് വിഭാഗത്തിന്റേയും കൂട്ട് ലഭിക്കുന്നു. അവരുടെ റഫീഖാവുക എന്നാൽ അവരിൽ നിന്ന് നന്മ ലഭിക്കുക എന്നാണ്. (റാസി 5:181)" (രിസാല 2006 മെയ് 19)

**സമസ്തക്കാർ 'സഹായം' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ? വായിക്കുക:**

"വല്ല നിലത്തീന്നും എന്നെ വിളിപ്പോർക്ക്
ബായ്കൂടാ ഉത്തിരം ചെയ്യും ഞാനെന്നോവർ"

"എവിടെ വെച്ചും ആര് എപ്പോൾ വിളിച്ചാലും ഉടനെ സഹായിക്കാനും പ്രശ്നം പരിഹരിക്കാനും ശൈഖ് അവർകൾക്ക് കഴിയും എന്ന് തന്നെയാണ് അദ്ദേഹം ഈ പറഞ്ഞത്" (സമ്പൂർണ്ണ മുഹ്‌യുദ്ദീൻ മാല പരിഭാഷ 1/448, മുസ്തഫൽ ഫൈസി)

**സമസ്തക്കാർക്ക് യഥാർത്ഥത്തിൽ ഈ വിശ്വാസമുണ്ടോ? വായിക്കുക:**

"അമ്പിയാക്കളും ഔലിയാക്കളും എല്ലാ നിമിഷങ്ങളിലും എല്ലാ കാര്യങ്ങളും അറിഞ്ഞു കൊണ്ടിരിക്കുമെന്ന വാദം ഇസ്ലാമിനില്ല" (രിസാല 2004 ജൂൺ 2)

അപ്പോൾ, "എവിടെ വെച്ചും ആര് എപ്പോൾ വിളിച്ചാലും ഉടനെ സഹായിക്കാനും പ്രശ്നം പരിഹരിക്കാനും ശൈഖ് അവർകൾക്ക് കഴിയും" എന്നു പറഞ്ഞതിന്റെ അർത്ഥം?!

സോറി, പ്രസ്തുത വാദം സമസ്ത മതത്തിനില്ല എന്നല്ലല്ലൊ പറഞ്ഞത് ! ഇസ്ലാമിനില്ല എന്നല്ലെ!!

**അങ്ങനെയാണെങ്കിൽ ആദ്യം കൊടുത്ത ആയത്തിന്റെ ആശയമെന്തായിരിക്കും?**

ആയത്തിൽ പറയപ്പെട്ട മഹാന്മാർ ഇഹലോകത്ത് നമ്മെ സഹായിക്കും എന്നാണൊ? അതൊ, വിഷയം പരലോകവുമായി ബന്ധപ്പെട്ടതാണൊ? സമസ്ത പണ്ഡിതന്മാർ തന്നെ പറയട്ടെ; നമുക്ക് വായിക്കാം:

**കെ. വി. മുഹമ്മദ് മുസ്ല്യാർ, കൂററനാട്**

"ആരെങ്കിലും അല്ലാഹുവിനും അവന്റെ റസൂലിനും വഴിപ്പെട്ടു നടന്നാൽ അവർ **(പരലോകത്ത്)** അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ചവരുടെ - നബിമാർ, സിദ്ധീക്വുകൾ, ശുഹദാഅ്, സ്വാലീഹുകൾ എന്നിവരുടെ - **കൂടെയായിരിക്കും**. അവരെത്ര വിശിഷ്ട **സഹവാസികൾ**" (ഫത്ഹുർറഹ്മാൻ 1/586)

**വ്യാഖ്യാനം:**

"ഉന്നതരോടു കൂടിയുള്ള സഹവാസം ആരും ആഗ്രഹിക്കുന്നതാണ്. അല്ലാഹുവിനും റസൂലിനും കീഴ്പ്പെട്ടു ജീവിക്കുന്നവർക്ക് മാത്രമേ പരലോകത്ത് ഉന്നതന്മാരുമായി സഹവസിക്കാൻ സാധ്യമാകൂ." (ഫത്ഹുർറഹ്മാൻ 1/586)

**ക്വാദി അബ്ദുറഹ്മാൻ മഖ്ദൂമി, പൊന്നാനി**

"ആരെങ്കിലും അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു നടന്നാൽ അവർക്ക് **(പരലോകത്ത്)** അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ചവരുടെ - നബിമാർ, സിദ്ധീക്വുകൾ, ശുഹദാഅ്, സ്വാലീഹുകൾ - **എന്നിവരുടെ കൂടെയായിരിക്കും**. എത്ര വിശിഷ്ട **സഹവാസികളാണവർ**" (ഫത്ഹുൽ അലീം, 1/212)

**വ്യാഖ്യാനം:**

സത്യവിശ്വാസം കൊണ്ട് അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു ജീവിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് ഏററവും ഉത്തമം. നബിമാർ, സിദ്ധീക്വുകൾ (സത്യസന്ധർ), രക്തസാക്ഷികൾ, സദ്വൃത്തർ ഇവരോടൊന്നിച്ച് സ്വർഗത്തിൽ സസുഖം വസിക്കാനും അവർക്ക് സാധിക്കുമായിരുന്നു. (ഫത്ഹുൽ അലീം, 1/212)

**കെ. വി. മുഹമ്മദ് മുസ്ല്യാർ, പന്താവൂർ**

"അല്ലാഹുവിനേയും പ്രവാചകനേയും അനുസരിക്കുന്നവർ ആരോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ, മഹോന്നത സ്വഹാബികൾ, പുണ്യാത്മാക്കൾ **എന്നിവരോടൊപ്പമാകുന്നു (സ്വർഗത്തിൽ)**" (ബയാനുൽ ക്വുർആൻ: 1/239)

**സൂറത്തുന്നിസാഇലെ 69ാം വചനത്തിന്റെ അവതരണ പശ്ചാത്തലമെന്തായിരിക്കും?**

മരണപ്പെട്ട മഹാന്മാരിൽ നിന്ന് സഹായം ലഭിക്കുമൊ റസൂലേ, എന്ന് സ്വഹാബികൾ ചോദിച്ചപ്പോൾ അവതരിച്ചതാണൊ ഇത് ?

**ടി. കെ. അബ്ദുല്ല മുസ്‌ല്യാർ പറയട്ടെ; നമുക്ക് വായിക്കാം:**

“അവിടുന്ന് ഉന്നത പദവിയിലും സ്വർഗത്തിൽ ഞങ്ങൾ താഴ്ന്ന പടിയിലുമായിരിക്കെ താങ്കളെ ഞങ്ങൾ എങ്ങനെ കണ്ടുമുട്ടുമെന്ന് സ്വഹാബത്ത് ആശങ്ക പ്രകടിപ്പിച്ചപ്പോൾ അവതരിച്ചു” (തഫ്സീറുൽ ക്വുർആൻ: 140)

അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു ജീവിക്കുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ച, നബിമാർ, സിദ്ധീക്വുകൾ, ശുഹദാഅ്, സ്വാലിഹുകൾ, എന്നിവരുടെ കൂടെ സ്വർഗത്തിൽ സസുഖം വസിക്കാം എന്നല്ലാതെ മരിച്ചവരോട് സഹായാർത്ഥന നടത്താം എന്നതിന് വല്ല തെളിവും ഈ ആയത്തിലുണ്ടോ? ഇല്ല!

ഇതാണ് സമസ്ത മതം!!!

അബൂ നസ്വീഫ്
സൗദി അറേബ്യ